കേരള ബാങ്ക്: മുഖ്യമന്ത്രി അസത്യം പ്രചരിപ്പിക്കുന്നുവെന്ന് ചെന്നിത്തല

തിരുവനന്തപുരം: കേരള ബാങ്ക് രൂപീകരണത്തിന്റെ പേരിൽ മുഖ്യമന്ത്രി പിണറായി വിജയൻ അസത്യപ്രചാരണം നടത്തുകയാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ആർ.ബി.ഐയുടെ വ്യവസ്ഥ മറികടക്കുന്നതിനും സഹകരണമൂല്യവും ജനാധിപത്യസംവിധാനവും തകർക്കുന്നതിനുമുള്ള ബോധപൂർവമായ ശ്രമമാണ് പ്രസ്താവനയ്ക്ക് പിന്നിൽ. നൂറ് മുതൽ അഞ്ഞൂറ് കോടി വരെ നിക്ഷേപങ്ങളുള്ള കാർഷികേതര സഹകരണസംഘങ്ങളെ മുഖ്യമന്ത്രി ആക്ഷേപിക്കുന്നത് ശരിയല്ലെന്നും ചെന്നിത്തല പറഞ്ഞു.

www.keralakaumudi.com | www.facebook.com/keralakaumudi

യുവതീ പ്രവേശനം: ഹർജി ഫയലിൽ സ്വീകരിച്ചു

പത്തനംതിട്ട: ശബരിമല യുവതീ പ്രവേശനത്തിൽ മുഖ്യമന്ത്രിക്കും ഡി.ജി.പിക്കും എതിരെ റാന്നി മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ച ഹർജി ഫയലിൽ സ്വീകരിച്ചു.

സുപ്രീംകോടതി വിധി ലംഘിച്ചുകൊണ്ടാണ് ശബരിമലയിൽ യുവതീ പ്രവേശനം നടത്തിയതെന്നും ഇതിൽ നിയമനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു എ.എച്ച്.പി നേതാവ് പ്രതീഷ് വിശ്വനാഥൻ ഹർജി നൽകിയത്.

വിശ്വാസികളല്ലാത്ത ബിന്ദുവിനെയും കനകദുർഗയെയും ശബരിമലയിൽ ദർശനം നടത്താൻ സഹായിച്ചതിനെതിരെയാണ് ഹർജി നൽകിയത്. വിശ്വാസികളും വ്രതം നോക്കിയവരുമായ സ്ത്രീകൾക്ക് ശബരിമല ദർശനം നടത്താം എന്ന വിധി ലംഘിച്ചുവെന്നും ഹർജിയിൽ പറയുന്നു.

പരാതി ഫയലിൽ സ്വീകരിച്ചതോടെ ഫെബ്രുവരി ഒന്നിന് മൊഴിയെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടാകും.

ശബരിമലയിലെ സ്ഥലത്തർക്കം: വനം, ദേവസ്വം ഒത്തുതീർപ്പിലെത്തി

▸ ശ്രീകുമാർപള്ളീലേത്ത്

തിരുവനന്തപുരം: പ്രളയത്തിൽ താറുമാറായ പമ്പാതീരം മണൽ തിട്ടകെട്ടി പുനർനിർമ്മിക്കാൻ ഇന്നലെ ചേർന്ന ഉന്നതതലയോഗത്തിൽ ധാരണയായി.

ശബരിമലയിലെ സ്ഥലം സംബന്ധിച്ച് വനംവകുപ്പും ദേവസ്വം ബോർഡും തമ്മിൽ നിലനിന്നിരുന്ന ചിലതർക്കങ്ങൾക്കും പരിഹാരമായി. രേഖകൾ പ്രകാരം 69 ഏക്കർ സ്ഥലമാണ് ദേവസ്വംബോർഡിനുള്ളത്. നിലവിൽ സന്നിധാനത്തും പരിസരപ്രദേശത്തുമായി 19 ഏക്കർ മാത്രമാണ് ബോർഡിന്റെ ഉപയോഗത്തിലുള്ളത്. ബാക്കി സ്ഥലം വനംവകുപ്പ് വിട്ടുകൊടുത്തിട്ടില്ല. ചിലനിർമ്മാണപ്രവർത്തനങ്ങൾ വനംവകുപ്പിന്റെ എതിർപ്പ് മൂലം നടത്താൻ കഴിയുന്നില്ല. രേഖകൾ പ്രകാരമുള്ള സ്ഥലം ദേവസ്വംബോർഡിന് വിട്ടുകൊടുക്കാൻ യോഗത്തിൽ ധാരണമായി.

പ്രളയത്തിൽ പമ്പയിൽ അടിഞ്ഞുകൂടിയതിനെ തുടർന്ന് ചാക്കുകളിൽ ശേഖരിച്ച മണൽ അവിടെ കൂടിയത്. ഇയ്യാളുടെ പക്കൽ നിന്ന് അഞ്ച് ബോംബുകൾ പൊലീസ് കണ്ടെടുത്തു. പ്രതിയെ ഇന്ന് പരവൂർ കോടതിയിൽ ഹാജരാക്കും. ദിവസവും രാവിലെ നടക്കാനിറങ്ങുന്ന ഇരുവരും തമ്മിലുള്ള നിസാര വഴക്കാണ് ആക്രമണത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു.

തന്ത്രിക്ക് സമയം നീട്ടി നൽകി

ശബരിമലയിൽ സ്ത്രീപ്രവേശനത്തെ തുടർന്ന് ശുദ്ധിക്രിയ നടത്തിയതിന് തന്ത്രിയോട് വിശദീകരണം തേടി ദേവസ്വംബോർഡ് നൽകിയ നോട്ടീസിന് മറുപടി നൽകാനുള്ള സമയം രണ്ടാഴ്ച കൂടി നീട്ടിനൽകി. ജനുവരി 16നകം മറുപടി നൽകേണ്ടതായിരുന്നു. മണ്ഡല മകരവിളക്ക് കഴിഞ്ഞ് ജനുവരി 20 നാണ് സന്നിധാനത്ത് നിന്ന് ഇറങ്ങിയതെന്നും അതിനാൽ മറുപടി നൽകാൻ കൂടുതൽ സമയം അനുവദിക്കണമെന്നും തന്ത്രി ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു.

തന്ത്രിയോട് വിശദീകരണം ചോദിക്കാൻ ദേവസ്വം ബോർഡിന് അധികാരമുണ്ടോ എന്ന ചോദ്യമുന്നയിച്ച് ബാംഗ്ലൂർ സ്വദേശി ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ നിയമവശങ്ങൾ ആലോചിക്കാൻ കൂടുതൽ സമയം വേണമെന്ന തന്ത്രിയുടെ ആവശ്യം ബോർഡ് യോഗം അംഗീകരിക്കുകയായിരുന്നു.

നിന്ന് മാറ്റും. ബേസ് ക്യാമ്പായ നിലയ്ക്കലിലും പമ്പയിലും മാസ്റ്റർപ്ലാൻ പ്രകാരം തീർത്ഥാടകർക്ക് വേണ്ടിയുള്ള നിർമ്മാണ ജോലികൾ ഉടൻ തുടങ്ങും. അടുത്ത മണ്ഡലകാലത്തിന് മുമ്പ് പൂർത്തിയാക്കും.

പമ്പയിലും നിലയ്ക്കലും മേലിൽ കോൺക്രീറ്റ് ഉപയോഗിച്ചുള്ള ഒരു വിധ നിർമ്മാണവും നടത്തില്ല. അതേസമയം തീർത്ഥാടകർക്ക് വേണ്ട സൗകര്യങ്ങൾ പരിസ്ഥിതിയെ ബാധിക്കാത്തവിധം ഒരുക്കും.

നേരത്തേ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരമാണ് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെയും വനം മന്ത്രി കെ.രാജുവിന്റെയും സാന്നിദ്ധ്യത്തിൽ ഇന്നലെ ഉന്നതതലയോഗം ചേർന്നത്.

വനംവന്യജീവിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.വേണു, ദേവസ്വം സെക്രട്ടറി ജ്യോതിലാൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ദേവസ്വംബോർഡ് അംഗങ്ങളായ കെ.പി.ശങ്കരദാസ്, എൻ. വിജയകുമാർ, ദേവസ്വം സെക്രട്ടറി എൻ.വാസു തുടങ്ങിയവരും പങ്കെടുത്തു.

കെ.എസ്.ആർ.ടി.സി എംപാനൽ ജീവനക്കാർ അനിശ്ചിതകാല സമരം തുടങ്ങി

തിരുവനന്തപുരം: പിരിച്ചുവിട്ട താത്കാലിക കണ്ടക്ടർമാർ സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹസമരം തുടങ്ങി. എല്ലാവരെയും ജോലിയിൽ തിരിച്ചെടുക്കുക, അതിനു കഴിയില്ലെങ്കിൽ നിയമപരമായ നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങളുയർത്തിയാണ് രണ്ടാം വട്ടം എംപാനലുകാർ സമരം നടത്തുന്നത്. വനിതകൾ ഉൾപ്പെടെയുള്ള സമരക്കാർ പൊരിവെയിലത്ത് റോഡിൽ കിടന്ന് പ്രതിഷേധിക്കുകയും ചെയ്തു.

പതിന്നാലു വർഷമായി തൊഴിലെടുക്കുന്നവരെ പിരിച്ചുവിടാനാവില്ലെന്നും ജീവനക്കാർക്ക് എല്ലാ സംരക്ഷണവും നൽകണമെന്നും സമരത്തിന് പിന്തുണയുമായി എത്തിയ എ.ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറി കെ.പി. രാജേന്ദ്രൻ പറഞ്ഞു.

പിരിച്ചുവിട്ട ജീവനക്കാരുടെ ജീവിതം വലിയ സാമൂഹ്യപ്രശ്നമാണെന്ന് ബി.ജെ.പി വക്താവ് ജി. ആർ. പദ്മകുമാർ പറഞ്ഞു. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയാൽ മാത്രമേ കമ്പനിയെ രക്ഷിക്കാൻ കഴിയൂ. മാനേജ്മെന്റ് തലപ്പത്തിരിക്കുന്നവർ ഇക്കാര്യത്തിൽ പരിചയമില്ലാത്തവരാണെന്നും അദ്ദേഹം പറഞ്ഞു.

സമരം എം പാനൽ കൂട്ടായ്മ ജനറൽ സെക്രട്ടറി എം. ദിനേശ്ബാബു ഉദ്ഘാടനം ചെയ്തു. സി.കെ. ഹരികൃഷ്ണൻ (സി.ഐ.ടി.യു), ആർ. ശശിധരൻ (ഐ.എൻ.ടി.യു.സി) എം.ജി. രാഹുൽ (എ.ഐ.ടി.യു.സി) ഉടങ്ങിയവർ സംസാരിച്ചു.

എംപാനൽ ജീവനക്കാരെ സർക്കാർ ദ്രോഹിക്കുന്നു: ഉമ്മൻചാണ്ടി

തിരുവനന്തപുരം : കെ.എസ്.ആർ.ടി.സിയിലെ എംപാനൽ ജീവനക്കാരെ സർക്കാർ ദ്രോഹിക്കുകയാണെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. സെക്രട്ടേറിയറ്റിനുമുന്നിൽ എംപാനൽ ജീവനക്കാരുടെ സമരപന്തലിൽ സന്ദർശനം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ തെറ്റായ നയത്തിന്റെ ഫലമാണ് കെ.എസ്.ആർ.ടി.സി.യിലെ എംപാനൽ ജീവനക്കാർ അനുഭവിക്കുന്നതെന്ന് കെ. മുരളീധരൻ എം.എൽ.എ കുറ്റപ്പെടുത്തി.

ഗൃഹനാഥനെ ബോംബെറിഞ്ഞ് കൊല്ലാൻ ശ്രമം; പ്ലസ് ടു വിദ്യാർത്ഥി പിടിയിൽ

പാരിപ്പള്ളി: മൈലാട്ടുംപാറയിൽ ഗൃഹനാഥനെ നാടൻ ബോബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമം. സംഭവവുമായി ബന്ധപ്പെട്ട് പാരിപ്പള്ളിയിൽ വാടകയ്ക്ക് താമസിക്കുന്ന ഇമ്പ സ്റ്റേഷൻകടവ് പനച്ചിമൂട്ടിൽ പ്ലസ് ടു വിദ്യാർത്ഥിയായ അഖിലിനെ (19) പാരിപ്പള്ളി പൊലീസ് അറസ്റ്റ് ചെയ്തു.

ഇന്നലെ രാവിലെ പാൽ വാങ്ങാൻ പോവുകയായിരുന്ന പ്രദേശവാസിയായ അഫ്സലിനെ പിന്തുടർന്ന് മൈലാട്ടുംപാറ - ഇ.എസ്.ഐ റോഡിൽ വച്ച് അഖിൽ നാടൻ ബോംബെറിയുകയായിരുന്നു. ബോംബ് ദേഹത്ത് തട്ടാതെ റോഡിൽ വീണ് പൊട്ടിയതിനാൽ അഫ്സലിന് പരിക്കേറ്റില്ല. ഉഗ്രശബ്ദം കേട്ട് നാട്ടുകാർ ഓടിക്കൂടിയപ്പോഴേക്കും പ്രതി ഓടിമറഞ്ഞു.

വിവരമറിഞ്ഞെത്തിയ പാരിപ്പള്ളി എസ്.ഐ രാജേഷ്, എ.എസ്.ഐ സലിം, സി.പി.ഒ മിഥുൻ എന്നിവർ ചേർന്ന് നടത്തിയ തെരച്ചിലിലാണ് പ്രതിയെ പിടികൂടിയതിനെ തുടർന്ന് ചാക്കുകളിൽ ശേഖരിച്ച മണൽ അവിടെ ഒഴിഞ്ഞ പറമ്പിൽ കുഴിച്ചിട്ടതായി അഖിൽ പൊലീസിനോട് പറഞ്ഞു. ഇയാളുടെ പക്കൽ നിന്ന് അഞ്ച് ബോംബുകൾ പൊലീസ് കണ്ടെടുത്തു. പ്രതിയെ ഇന്ന് പരവൂർ കോടതിയിൽ ഹാജരാക്കും. ദിവസവും രാവിലെ നടക്കാനിറങ്ങുന്ന ഇരുവരും തമ്മിലുള്ള നിസാര വഴക്കാണ് ആക്രമണത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു.

പഠനം പ്ലസ് ടുവിന്, മികവ് ബോംബ് നിർമ്മാണത്തിൽ

അഖിൽ

തിരുവനന്തപുരം സ്വദേശിയായ അഖിൽ നാല് മാസം മുമ്പാണ് പാരിപ്പള്ളിയിലെത്തിയത്. ബോംബ് നിർമ്മിച്ചതിനും ഉപയോഗിച്ചതിനും അഖിലിനെതിരെ ഇമ്പപൊലീസ് സ്റ്റേഷനിൽ രണ്ട് കേസുണ്ട്. ഇതുകാരണം വീട്ടുകാർ പാരിപ്പള്ളിയിൽ വാടക വീട്ടിലേക്ക് താമസം മാറ്റുകയും അഖിലിനെ ഇവിടെ സ്വകാര്യ ട്യൂഷൻ സെന്ററിൽ പ്ലസ് ടുവിന് ചേർക്കുകയുമായിരുന്നു.

തിരുവനന്തപുരത്ത് നിന്ന് ഉത്സവ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന അമിട്ട് വാങ്ങി വെടിമരുന്ന് വേർതിരിച്ച് അതിനോടൊപ്പം മെറ്റൽ, കുപ്പിച്ചില്ല്, ആണി എന്നിവ ചേർത്താണ് ഇയാൾ നാടൻബോംബ് നിർമ്മിച്ചിരുന്നത്. അഖിലിന്റെ പക്കൽ നിന്ന് പിടിച്ചെടുത്ത ബോംബുകൾ കൊല്ലത്ത് നിന്നെത്തിയ ബോംബ് സ്ക്വാഡ് നിർവീര്യമാക്കി.

61 അസി. പ്രിസൺ ഓഫീസർമാർ ജയിൽ വകുപ്പിന്റെ ഭാഗമായി

തിരുവനന്തപുരം: തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ ജയിലുകളിലെ 61 അസി. പ്രിസൺ ഓഫീസർമാരുടെ പാസിംഗ്ഔട്ട് പരേഡ് ഇന്നലെ പൂജപ്പുര സിക്ക പരേഡ് ഗ്രൗണ്ടിൽ നടന്നു. പ്രിസൺ ഡയറക്ടർ ജനറൽ ആർ. ശ്രീലേഖ സല്യൂട്ട് സ്വീകരിച്ചു. രണ്ട് പ്ലറ്റൂണുകളായാണ് സേനാംഗങ്ങൾ പരേഡിൽ അണിനിരന്നത്. മൂന്ന് ബിരുദാനന്തര ബിരുദധാരികൾ, 14 ബിരുദധാരികൾ, രണ്ട് എൻജിനിയറിംഗ് ബിരുദധാരികൾ, മൂന്ന് എൻജിനിയറിംഗ് ഡിപ്ലോമക്കാർ, മൂന്ന് പ്രീഡിഗ്രിക്കാർ, 28 പ്ലസ്ടുക്കാർ എന്നിവരാണ് ഈ ബാച്ചിലുള്ളത്. ജയിൽ ഐ.ജി എച്ച്. ഗോപകുമാർ, ഡി.ഐ.ജി എസ്. സന്തോഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഭാരത് സേവക് സമാജിന്റെ (ബി.എസ്.എസ്) ദേശീയ ചെയർമാനായി നിയമിതനായ ബി.എസ്. ബാലചന്ദ്രൻ. 1988 മുതൽ ബി.എസ്.എസ് കേരള ശാഖയുടെ ജനറൽ സെക്രട്ടറിയും 2015 മുതൽ അഖിലേന്ത്യാ സെക്രട്ടറിയുമാണ്

ജോസ് കെ. മാണി നയിക്കുന്ന കേരളയാത്ര 24 ന് തുടങ്ങും

കാസർകോട്: കർഷകരക്ഷ, മതേതര ഭാരതം, പുതിയ കേരളം എന്ന മുദ്രാവാക്യവുമായി കേരള കോൺഗ്രസ്-എം സംസ്ഥാനവൈസ്ചെയർമാൻ ജോസ് കെ. മാണി നയിക്കുന്ന കേരളയാത്ര 24 ന് കാസർകോട്ട് തുടക്കമാകും. രാവിലെ 11 ന് കാസർകോട് മിലൻ മൈതാനത്ത് കേരള കോൺഗ്രസ്-എം ചെയർമാൻ കെ. എം മാണിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുസമ്മേളനം എ.ഐ.സി.സി ജനറൽ സെക്രട്ടറി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യും. വർക്കിംഗ് ചെയർമാൻ പി.ജെ. ജോസഫ് മുഖ്യാതിഥിയായിരിക്കും. ജോസ് കെ. മാണിക്ക് പതാക കൈമാറി കേരള യാത്രയുടെ ഉദ്ഘാടനം നിർവഹിക്കും. കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ, മുസ്ലിംലീഗ് ദേശീയ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി എം.പി, പാർട്ടി ഡെപ്യൂട്ടി ചെയർമാൻ സി.എഫ്. തോമസ്, മുൻ എം.പി ജോയ് എബ്രഹാം, എം.എൽ.എ മാരായ മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, എൻ. ജയരാജ് എന്നിവർ സംബന്ധിക്കും. യാത്ര ഫെബ്രുവരി 15 ന് തിരുവനന്തപുരത്ത് സമാപിക്കും.

ബഹുമാനപ്പെട്ട തിരുവനന്തപുരം സബ് കോടതി മുൻപാകെ

OS. 198/2017

ഹർജിക്കക്ഷി/വാദി : ബിനോ ദേവകുമാർ, S/o രാജൻ ഫ്ലൈസക്, ഹൗസ് നമ്പർ : 16714, ജോഷ്വാ സ്ട്രീറ്റ് WCC റോഡ്, നാഗർകോവിൽ.

എതിർകക്ഷി /പ്രതി : റ്റി. രാമചന്ദ്രൻ, S/o തങ്കപ്പൻ പിള്ള, റ്റി.സി. നമ്പർ 14/1938/2, സണ്ണി മെയിസ് ലൈൻ, പാളയം വാർഡ്, ജി.പി.ഒ, തിരുവനന്തപുരം.

ടി നമ്പർ കേസ്സിൽ ഒന്നാം എതിർകക്ഷിയെ തെര്യപ്പെടുത്തുന്ന നോട്ടീസ്.

തിരുവനന്തപുരം സബ് കോടതിയിൽ നടന്നു വരുന്ന OS 198/2017-ാം നമ്പർ കേസ്സിൽ ഒന്നാം എതിർകക്ഷിയുടെ നോട്ടീസ് നടന്നുവരുന്നതിനായി 25.01.2019-ൽ വിചാരണവെച്ചിരിക്കുന്നു. ടി സംഗതിയിൽ ടി കക്ഷിക്ക് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം അന്നേദിവസം പകൽ 11 മണിക്ക് ടി കോടതിമുൻപാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അപ്രകാരം ഒന്നാം എതിർകക്ഷി ഹാജരാകാത്തപക്ഷം ടി ഹർജി ഒന്നാം എതിർകക്ഷിയെ കൂടാതെ തീരുമാനിക്കുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം,
വാദിഭാഗം അഡ്വക്കേറ്റ് എസ്.സുദീപ് (ഒപ്പ്)

കോടതി പരസ്യം

ആറ്റിങ്ങൽ കുടുംബ കോടതി മുമ്പാകെ

OP. No.30/2018

ഹർജികക്ഷി: ലേഖ D/o രാഘവൻ, കടകത്തു വീട് (ഭാമലയിൽ തെക്കതിൽ), പൊഴിക്കര, പരവൂർ, പരവൂർ വില്ലേജ്, കൊല്ലം താലൂക്ക്

എതൃകക്ഷി: സന്തോഷ് S/o സുകുമാരൻ, ആതിര ഭവൻ, പനയറ പി.ഒ, ചെമ്മരുതി വില്ലേജ്, വർക്കല താലൂക്ക്

From കെ.കെ.ഭവൻ, പൊഴിക്കര, പരവൂർ, പരവൂർ വില്ലേജ്, കൊല്ലം

ടി എതൃകക്ഷിയെ തെര്യപ്പെടുത്തുന്നത്, എതൃകക്ഷിയുമായുള്ള വിവാഹബന്ധം വേർപെടുത്തി കിട്ടുന്നതിലേക്ക് ഹർജികക്ഷി ബോധിപ്പിച്ച മേൽനമ്പർ ഹർജി 01.04.2019 - ാം തീയതി വിചാരണ വച്ചിട്ടുള്ളതിനാൽ അന്നേദിവസം പകൽ 11 മണിക്ക് താങ്കളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ അഭിഭാഷകനോ കോടതി മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം താങ്കളെ കൂടാതെ ഹർജി തീർപ്പെടുത്തിക്കൊള്ളുന്നതുമാകുന്നു

ഉത്തരവിൻപ്രകാരം
ഹർജികക്ഷിഭാഗം അഡ്വക്കേറ്റ്
01.01.2019 കെ.എസ്.രാജീവ്

Notice

Original Sale Deed (No.335/2011) of Sasthamangalam SRO dated 03.02.2011 with respect to undivided interest equivalent to 0.38 ares over the total extent of 14.35 ares of property in survey numbers 351/7 - 12, 351/7-12-1, 351/1-16-1 and 351/1-16-2 of Sasthamangalam village and apartment C on the 3rd floor of the Nikunjam Harmony measuring approximately 2020 sq.ft. including share of common areas like staircase, passages etc and car parking, has been irrecoverably lost. It is informed that in case it is found by anyone it may please be referred to K.P. Sasidharan Kripa Nidhi, TC 13/1827 (21) Medical college P.O., TVM. Phone No. 7034285558.

കേരള സർക്കാർ
സർക്കാർ കോളേജ്, നെടുമങ്ങാട്
A1/589/2018-19
തീയതി : 14.01.2019
ദർഘാസ് പരസ്യം നം. 10/2018-19

നെടുമങ്ങാട് സർക്കാർ കോളേജ് കാമ്പസിനുള്ളിൽ വിവിധ തരം ബോഡുകൾ നിർമ്മിച്ച് ഉറപ്പിച്ച് നല്കുന്നതിനു വേണ്ടിയുള്ള ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി : 31.01.2019 ഉച്ചയ്ക്കു ശേഷം 1 മണിവരെ ആയിരിക്കും. അന്നേദിവസം പകൽ 3 മണിക്ക് തുറന്നു പരിശോധിക്കും. ദർഘാസ് പ്രമാണത്തിന്റെ വില : 472/-, ഡ്യൂപ്ലിക്കേറ്റ് പ്രമാണത്തിന്റെ വില : 236/-. ദർഘാസ് പ്രമാണങ്ങളും മറ്റ് വിവരങ്ങളും കോളേജ് ഓഫീസിൽ നിന്ന് 31.01.2019 ഉച്ചയ്ക്കു 12 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ തപാലിൽ വേണ്ടവർ തപാൽ കൂലിയായി 40/- രൂപ കൂടി അടയ്ക്കേണ്ടതാണ്.

(ഒപ്പ്) പ്രിൻസിപ്പാൾ.
F3/55/2019/I & PRD

INSTITUTE OF MANAGEMENT IN GOVERNMENT
Vikas Bhavan P.O.,
Thiruvananthapuram - 33.
Ref. No. 2893/A2/2018/IMG
17.01.2019.

AMC for the Computers and other peripherals at IMG Thiruvananthapuram and Regional Centres at Kochi and Kozhikode

Sealed tenders are invited by IMG from reputed Firms/ Organizations for "AMC for the Computers and othef peripherals at IMG Thiruvananthapuram and Regional Centres at Kochi and Kozhikode." Tender form and other details are available at IMG's Website i.e, www.img.kerala.gov.in.

(Sd/) Secretary.
3177446/D3/2019/I & PRD

ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം
ഭൗമശാസ്ത്ര മന്ത്രാലയം, ഭാരത സർക്കാർ
ആക്കുളം, തിരുവനന്തപുരം - 695 011
EAM-CAN016/2019-EAM-NCESS Date : 18.01.2019

ക്യാന്റീൻ ടെൻഡർ നോട്ടീസ്

ആക്കുളം, ഭൗമശാസ്ത്രപഠന കേന്ദ്രത്തിലെ (എൻസെസ്സ്) ക്യാന്റീൻ രണ്ടു വർഷത്തേക്ക് നടത്തുന്നതിനായി പരിചയസമ്പന്നരായ വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മുദ്രവച്ച ക്വൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വൊട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി : 11.02.2019 വൈകുന്നേരം 4 മണി വരെ. വിശദവിവരങ്ങൾക്ക് www.ncess.gov.in എന്ന വെബ്സൈറ്റിലും 0471-2511508 എന്ന ടെലിഫോൺ നമ്പരിലും ബന്ധപ്പെടുക.

(ഒപ്പ്) സീനിയർ മാനേജർ.

മുദാക്കൽ ഗ്രാമപഞ്ചായത്ത്
വാളക്കാട്, ഇളമ്പ പി.ഒ (വഴി), അവനവൻചേരി, തിരുവനന്തപുരം, പിൻ - 695 103,
ദർഘാസ്/ ഇ-ദർഘാസ് പരസ്യം
നമ്പർ : എ3-1000/2018 തീയതി : 21.01.2019

മുദാക്കൽ ഗ്രാമപഞ്ചായത്ത് 2018 - 19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം (ടെൻഡർ), പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനുള്ള മെഷീൻ വാങ്ങൽ (ഇ-ടെൻഡർ) എന്നീ പദ്ധതികൾക്ക് ടെൻഡർ/ ഇ-ടെൻഡർ ക്ഷണിക്കുന്നു. ടെൻഡർ - Window No. G95508/2019, ഇ-ടെൻഡർ - Window No. G95518/2019. കൂടുതൽ വിവരങ്ങൾക്ക് www.etenders.kerala.gov.in, http://tenders.lsgkerala.gov.in/pages/displayTender.php സന്ദർശിക്കുക. ഫോൺ : 0470 - 2639035, 7012881375.

(ഒപ്പ്) സെക്രട്ടറി,
മുദാക്കൽ ഗ്രാമപഞ്ചായത്ത്.

തിരുവനന്തപുരം നഗരസഭ
No. DB/62983/08 (70) തീയതി : 21.01.2019

തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി താഴെ പറയുന്ന പ്ലാൻ ഫണ്ട് പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ നിന്ന് ഇ-ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

സോണൽ ഓഫീസിന്റെ പേര്	ആകെ പ്രവൃത്തികളുടെ എണ്ണം	പ്രസിദ്ധീകരിക്കുന്ന തീയതി	സ്വീകരിക്കുന്ന അവസാന തീയതി	തുറന്നു പരിശോധിക്കുന്ന തീയതി
AE-Vattiyoorkavu	3	21.01.2019	28.01.2019	31.01.2019
AEE-2 Main Office	1	22.01.2019	31.01.2019	04.02.2019

ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിന് (https://etenders.kerala.gov.in) വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

സൂപ്രണ്ടിംഗ് എൻജിനീയർ.

LOOK OUT NOTICE

ഈ ഫോട്ടോയിൽ കാണുന്ന ജയപ്രകാശ് @ മണി, വയസ്സ് 57, S/o ശിവജയൻ, ചെറുകരയിൽ വീട്, പയ്യോൾ, പാലാ എന്ന ആളെ 27.12.2017 തീയതി മുതൽ അന്യാളത്ത് നിന്ന് കാണാതായിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് പാലാ പി.എസ് Cr. 4188/17, U/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതാണ്. ടി ആളെ കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുകയാണെങ്കിൽ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു. അടയാള വിവരം : 1) ഉദ്ദേശം അഞ്ചര അടി ഉയരം, വെളുത്ത നിറം. 2) കാണാതാവുമ്പോൾ റോസ് നിറത്തിലുള്ള ഫുൾകൈ ഷർട്ടും ബ്രൗൺ കരയുള്ള വെള്ള മുണ്ടും ധരിച്ചിരിക്കുന്നു. Dy Sp, Pala - 9497990051, Inspector of Police, Pala - 9497987080, SI, Pala - 9497980337, 04822-212334. F2/15/2019/I & PRD

CORPORATION OF THIRUVANANTHAPURAM
No. DB/62983/08 (71) Dated : 21.01.2019.

TENDER NOTICE

Competitive E-tenders are invited from Manufacturers/ Authorized Dealers or Authorized Suppliers for production printers with the following specifications and operating conditions for the reprographic centre of TMC as per the details given in the Tender document. The detailed tender notice is published in our website www.corporationoftrivandrum.in and office notice board. For participating e-tender visit website https://etenders.kerala.gov.in

Superintending Engineer.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ലഘു വിജ്ഞാപനം

ഫയൽ നമ്പർ : ആർ. & എ II (3) 50012/18-KPSC
അസാധാരണ ഗസറ്റ് തീയതി : 31.12.2018 അവസാന തീയതി : 30.01.2019
പരസ്യ നമ്പർ : 09/2018 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ.

ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ Profile - ലൂടെയും ഓൺലൈനായി കമ്മീഷന്റെ വെബ്സൈറ്റിലൂടെ (www.keralapsc.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് 31.12.2018 തീയതിയിലെ ഗസറ്റ് വിജ്ഞാപനം 01.01.2019 തീയതിയിലെ പി.എസ്.സി ബുള്ളറ്റിൻ, കമ്മീഷൻ വെബ്സൈറ്റ് (www.keral